# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7187 16.07.2012ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, കെ. സുരേഷ് കുറുപ്പ്<br>,, എം. ഹംസ<br>,, ആർ. രാജേഷ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ചയുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ബഹു:ഹൈക്കോടതി ഈ വിഷയം സംബന്ധിച്ച് എന്തെല്ലാം നിരീക്ഷണങ്ങളാണ് നടത്തിയിട്ടുള്ളത്; എന്തെല്ലാം ഉത്തരവുകളാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാര തകർച്ചയുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി നിരീക്ഷണം നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച ബഹു.ഹൈക്കോടതിയുടെ നിരീക്ഷണങ്ങളും ഉത്തരവുകളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതനുസരിച്ച് എത്ര സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളാണ് അടച്ചുപൂട്ടാൻ നിർദ്ദേശിച്ചിട്ടുള്ളത്; | (ബി) വിജയശതമാനം 40 -ൽ കുറവുള്ള സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കേണ്ടതുണ്ട് എന്നാണ് ബഹു.ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിച്ചുവരുന്നു. |
| (ഡി) | സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ ആദ്യമായി അനുവദിച്ചത് എപ്പോഴായിരുന്നു; ആ സമയത്ത് കോളേജുകളുടെ നിലവാരം പ്രവേശനം,ഫീസ് എന്നീ കാര്യങ്ങളിൽ മാനേജുമെന്റുകളുമായി കരാറിലേർപ്പെട്ടിരുന്നോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ ആദ്യമായി അനുവദിച്ചത് 2001 -ൽ ആയിരുന്നു. കരാർ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ** ലഭ്യമാണ്